പ്രകൃതിക്ഷോഭവും ദുരന്തങ്ങളും മുൻകൂട്ടി അറിയുന്നതിന് സംവിധാനം

*5 [468] ശ്രീ. ടി. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭവും മറ്റ് ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മുൻകൂട്ടി അറിയുന്നതിന് റവന്യൂ വകുപ്പിൽ ഇപ്പോൾ നിലവിലുള്ള സംവിധാനം വെളിപ്പെടുത്താമോ;

(ബി) ഈ സംവിധാനത്തിന്റെ അപര്യാപ്തത മൂലം ദുരന്തങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്തതും തക്ക സമയത്ത് ഇടപെടാൻ കഴിയാത്തതുമായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ റവന്യൂ വകുപ്പിന്റെ വാർത്താ-വിനിമയ സംവിധാനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഈ ആവശ്യത്തിലേക്ക് ഈ വർഷം എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഇ) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ ആന്റ് ബി) പ്രകൃതിക്ഷോഭവും മറ്റ് ദുരന്തങ്ങളും മുൻകൂട്ടി അറിയുന്നതിന് റവന്യൂ വകുപ്പിൽ ഇപ്പോൾ പ്രത്യേക സംവിധാനമൊന്നും നിലവില്ല. എങ്കിലും, ഈക്കാര്യത്തിൽ പ്രധാനമായും കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് പീച്ചിയിൽ സ്ഥാപിച്ച ഭൂകമ്പമാപിനിയുടെ സഹായത്താൽ ചെറുതും വലുതുമായ ഭൂകമ്പ നിരീക്ഷണങ്ങൾ നടത്തുന്നതും, കേരളത്തിലെ ഭൂചലനത്തെപ്പറ്റിയുള്ള വിവര ശേഖരണവും, ഇടിമിന്നലിനെപ്പറ്റിയുള്ള സെന്സിന്റെ പഠനങ്ങളും കൊണ്ട് ദുരന്തങ്ങൾ നേരിടാതെ തക്കമസയത്ത് അവ ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കുന്നുണ്ട്.

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എ.ഡി.എ.-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രത്തിലേക്ക് ടോൾ ഫ്രീയായി പൊതുജനങ്ങൾക്ക് '1077' എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതും, '1070' എന്ന നമ്പരിൽ സെക്രട്ടേറിയറ്റിലെ കലാമിറ്റി സെല്ലിൽ ബന്ധപ്പെടാവുന്നതുമാണ്. വാർത്താവിനിമിയം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തഹസിൽദാർമാർക്കും മൊബൈൽ ഫോൺ അനുവദിക്കുകയും വില്ലേജ് ആഫീസുകളിൽ ലാന്റ് ഫോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 2003-2004 സാമ്പത്തിക വർഷം 165 ലക്ഷം രൂപ വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെക്രട്ടേറിയറ്റിൽ നിലവിലുള്ള കലാമിറ്റി കൺട്രോൾ റൂമിൽ ഒരു മൊബൈൽ ഫോണും, എസ്. റ്റി. ഡി. ബന്ധമുള്ള ടെലഫോണും രണ്ട് കമ്പ്യൂട്ടറുകളും അതിന്റെ അനുബന്ധ ഉപകരണങ്ങളും, ഒരു ഫോട്ടോ കോപ്പിയറും, സംസ്ഥാനത്തുള്ള എല്ലാ തഹസിൽദാർമാർക്കും, ആർ.ഡി.ഒ.-മാർക്കും മൊബൈൽ ഫോണും, എല്ലാ വില്ലേജ് ആഫീസിലും ലാന്റ് ഫോണും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ ചെലവിനെ സംബന്ധിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല.

സ്വാശ്രയ മെഡിക്കൽ കോളേജ് അഡ്മിഷന് നിശ്ചയിച്ച ഫീസ്

*6 [469] ശ്രീ. മത്തായി ചാക്കോ:

,, കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജ് അഡ്മിഷന് സർക്കാർ നിശ്ചയിച്ചിരുന്ന ഫീസിൽ കൂടുതൽ ഏതെങ്കിലും സ്വാശ്രയ മെഡിക്കൽ കോളേജുകൾ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകൾ എന്നറിയിക്കാമോ;

(ബി) ഈ കോളേജുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളിൽനിന്ന് ഫീസിനത്തിൽ ഈടാക്കിയ തുക എത്രയാണ്;

(ഡി) കോഴ്സിന്റെ മുഴുവൻ കാലയളവിലേക്കുള്ള ഫീസ് അഡ്വാൻസായി വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം ഫീസ് ഈടാക്കുന്നതിന് മാനേജുമെന്റിന് അധികാരം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ ആന്റ് ബി) പുഷ്പഗിരി മെഡിക്കൽ കോളേജിൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ഒരു എം.ബി.ബി.എസ്. സീറ്റിന് ഒന്നര ലക്ഷം രൂപ ഈടാക്കാൻ ഉത്തരവായിരുന്നു; പ്രസ്തുത കോളേജിൽ ഒരു ദളിത് വിദ്യാർത്ഥിയിൽനിന്നും 25,000 രൂപ ക്യാപ്പിറ്റേഷൻ ഫീസായി പ്രവേശന സമയത്ത് ആവശ്യപ്പെട്ടതായി ദളിത് ഹ്യൂമൻറൈറ്റ്സ് പ്രൊട്ടക്ഷൻ സമിതിയുടെ ഒരു പരാതി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദീകരണം ആവശ്യപ്പെട്ടു. എന്നാൽ പ്രിൻസിപ്പൽ ആരോപണം നിഷേധിച്ചു. ഈ വിദ്യാർത്ഥിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly